**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 64** **07-10-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ഐ.ടി. മേഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2023-24 വർഷത്തിൽ എത്ര കോടി രൂപയുടെ ഐ.ടി. ഹാർഡ്‌വെയർ ഉല്പാദനമാണ് സംസ്ഥാനത്ത് നടന്നത്; ആയത് മുൻവർഷത്തെ അപേക്ഷിച്ച് എത്ര കൂടുതലാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | 2023-24 സാമ്പത്തിക വർഷം 3 കോടി (മൂന്ന കോടി) രൂപയുടെ ഉല്പാദനമാണ് നടത്തിയത്. മുൻ വർഷത്തെ അപേക്ഷിച്ച് 30 (മുപ്പത്) ഇരട്ടിയോളം കൂടുതലാണ്. |
| (ബി) | പ്രസ്തുത ഉല്പാദനം 2025-26 വർഷം ആകുമ്പോഴേക്കും എത്ര കോടി രൂപയായി ഉയർത്താനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | 2025-26 വർഷം ആകുമ്പോഴേക്കും 48,00,00,000/- (നാൽപ്പത്തിയെട്ട് കോടി രൂപ) യുടെ ഉത്പാദനം നടത്താനായി ലക്ഷ്യമിടുന്നു. |
| (സി) | സംസ്ഥാനത്തെ സ്വകാര്യ ഐ.ടി. പാർക്കുകളെ പ്രോത്സാഹിപ്പിക്കുവാൻ നൂതനമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | സർക്കാർ പുതിയ ഐ.ടി നയം തയ്യാറാക്കി വരുന്നു. അതിൽ സ്വകാര്യ ഐ.ടി പാർക്കുകളെ കൂടി ഐ.ടി വികസനത്തിന്റെ ഭാഗമാക്കുന്ന കാര്യം പരിശോധിച്ച് വരുന്നു. |
| (ഡി) | സംസ്ഥാനത്തെ ഐ.ടി. സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ജോലി ഭാരം നിയന്ത്രിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | സർക്കാർ ഐ.ടി പാർക്കുകളിൽ പ്രവർത്തിക്കുന്ന കമ്പനികളും പാർക്കുകളും തമ്മിൽ പാട്ടക്കരാർ അനുസരിച്ചുള്ള ബന്ധമാണ് നിലവിൽ ഉള്ളത്. പാട്ടക്കരാർ വ്യവസ്ഥയിൽ സംസ്ഥാനത്തു നിലവിലുള്ള എല്ലാ തൊഴിൽ നിയമങ്ങളും പാലിച്ചിരിക്കണമെന്ന് നിബന്ധനയുണ്ട്. ജീവനക്കാർക്ക് നിലവിലുള്ള നിയമ വ്യവസ്ഥകൾക്കു അനുസൃതമായി നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ